e-mail: gssbsukc@yahoo.co.in

Phone:0471-2192810
0471-2351910
0471-2351911
Fax: 0471-2351963

# സ്റ്റേറ്റ് ബാങ്ക്സ് സ്റ്റാഫ് യൂണിയൻ (കേരള സർക്കിൾ)

(അഫിലിയേറ്റഡ് ടു ഓൾ ഇന്ത്യ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ സ്റ്റാഫ് ഫെഡറേഷൻ)

കത്തുകൾ അയക്കേണ്ട വിലാസം
ജനറൽ സെക്രട്ടറി

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
ലോക്കൽ ഹെഡ് ഓഫീസ്
പൂജപ്പുര, തിരുവനന്തപുരം-695 012

സർക്കുലർ നമ്പർ 144/18

തീയതി 03/04/2018

## സ്റ്റേറ്റ് ബാങ്ക്സ് സ്റ്റാഫ് യൂണിയൻ(കേരള സർക്കിൾ)

## ഏഴാമത് ജനറൽ കൗൺസിൽ

## 2018 മെയ് 20, 21 (ഞായർ, തിങ്കൾ)

## എ പി ജി നഗർ, (ടാഗോർ തിയേറ്റർ) തിരുവനന്തപുരം

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ ഏക അംഗീകൃത സംഘടനയായ ആൾ ഇന്ത്യ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ സ്റ്റാഫ് ഫെഡറേഷനിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കേരളാ ഘടകമാണ് സ്റ്റേറ്റ് ബാങ്ക്സ് സ്റ്റാഫ് യൂണിയൻ(കേരള സർക്കിൾ). 2017 ഏപ്രിൽ 1ന് നടന്ന അസോസിയേറ്റ് ബാങ്കുകളുടെ ലയനത്തെ തുടർന്ന്, ആയിരക്കണക്കിന് ജീവനക്കാർ പുതുതായി എസ്.ബി.എസ്.യു (കെസി)യിൽ അംഗത്വമെടുക്കുകയുണ്ടായി.

കേരള സർക്കിളിലാകെയുള്ള പതിനായിരത്തോളം അവാർഡ് വിഭാഗം ജീവനക്കാരിൽ 7500 ഓളം പേർ ഇതിനോടകം എസ്.ബി.എസ്.യു(കെ.സി)യിൽ അംഗങ്ങളായി കഴിഞ്ഞു. സുതാര്യവും ജനാധിപത്യപരവും തൊഴിലാളി പക്ഷവുമായ നിലപാടുകൾ എക്കാലത്തും എടുക്കുന്നതിനാലാണ് കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ ബഹുഭൂരിപക്ഷം ജീവനക്കാരും എസ്.ബി.എസ്.യു (കെ.സി)ൽ അംഗത്വമെടുത്തത്.

സംഘടനയുടെ ഏഴാമത് ജനറൽ കൗൺസിൽ ഈ വരുന്ന മെയ് 20, 21 തീയതികളിലായി തിരുവനന്തപുരത്തുവെച്ച് നടത്താൻ കേന്ദ്രക്കമ്മിറ്റി തീരുമാനമെടുത്തു. ഇതനുസരിച്ചുള്ള മുന്നൊരുക്കങ്ങൾ നടന്നു വരികയാണ്. സമ്മേളനത്തിന്റെ സംഘാടകസമിതി രൂപീകരണം, കഴിഞ്ഞ മാർച്ച് 9ന് തിരുവനന്തപുരത്തു വെച്ച് വമ്പിച്ച പങ്കാളിത്തത്തോടെ നടന്നു. വിവിധ സബ്കമ്മിറ്റികളും അന്ന് രൂപീകരിക്കുകയുണ്ടായി.

"പൊതുമേഖലയെ ശക്തിപ്പെടുത്തുക, ജനാധിപത്യ ബാങ്കിംഗ് ഉറപ്പാക്കുക" (**Strengthen Public Sector, Ensure Democratic Banking**) എന്ന മുഖ്യ ആശയം കേന്ദ്രീകരിച്ചാണ് ഇത്തവണത്തെ ജനറൽ കൗൺസിൽ ആസൂത്രണം ചെയ്തിരിക്കുന്നത്. വിഷയത്തിന്മേലുള്ള ലഘുലേഖകൾ തയ്യാറാക്കി യൂണിറ്റുകൾ വഴിയും അല്ലാതെയും പൊതുജനങ്ങൾക്കിടയിൽ വിതരണം ചെയ്യണം. അതുകൂടാതെ, ആറാം ജനറൽ കൗൺസിലിനു മുന്നോടിയായി നടത്തിയതു പോലെ, സംസ്ഥാനത്തെമ്പാടും ജനസദസ്സുകൾ സംഘടിപ്പിക്കേണ്ടതായുണ്ട്. ഓരോ സോണിലും സംഘടിപ്പിക്കുവാനുതകുന്ന ജനസദസ്സുകൾ സംബന്ധിച്ച് വിവരങ്ങൾ അസി.ജനറൽ സെക്രട്ടറിമാർ ജനറൽ സെക്രട്ടറിയേയും, ജനറൽ കൺവീനറേയും അറിയിക്കണം. **Democratic Banking in India - Way Forward** എന്ന വിഷയത്തിന്മേൽ ദേശീയ സെമിനാർ സംഘടിപ്പിക്കാനും അന്താരാഷ്ട്ര പ്രശസ്തിയുള്ള വിദഗ്ദ്ധന്മാരെ അതിൽ പങ്കെടുപ്പിക്കാനും തീരുമാനിച്ചു.

ബാങ്ക് ജീവനക്കാർക്കും പൊതുജനങ്ങൾക്കും കോളേജ് വിദ്യാർത്ഥികൾക്കും ഇടയിൽ

സംസ്ഥാന അടിസ്ഥാനത്തിൽ ലേഖന മത്സരം സംഘടിപ്പിക്കുന്നതാണ്. ഓരോ വിഭാഗത്തിനു മുള്ള വിഷയങ്ങൾ ഇപ്രകാരമാണ്.

| | | |
|---|---|---|
| ബാങ്ക് ജീവനക്കാർ | : | ബാങ്കിംഗ് പരിഷ്ക്കാരങ്ങളുടെ ഇരുപത്തഞ്ച് വർഷം<br>**(25 years of Banking Reforms)** |
| പൊതുജനങ്ങൾ | : | ജനാധിപത്യ ബാങ്കിംഗിനുള്ള നിർദ്ദേശങ്ങൾ<br>**(Directions for Democratic Banking)** |
| കോളേജ് വിദ്യാർത്ഥികൾ | : | മാറുന്ന ജീവിതം, മാറുന്ന ബാങ്കിംഗ്<br>**(Changing Life, Changing Banking)** |

ബാങ്കിംഗ് അനുഭവങ്ങളെ സംബന്ധിച്ച നിർദ്ദേശങ്ങൾ സമാഹരിക്കാൻ തീരുമാനിച്ചു. എസ്.ബി.ഐ ശാഖകളിൽ ഇപ്പോൾ നിലനിൽക്കുന്നതും കൂടുതൽ മെച്ചപ്പെടുത്തേണ്ടതുമായ ബാങ്കിംഗ് സേവനങ്ങളെ സംബന്ധിച്ച ഇടപാടുകാരുടെയും ജനങ്ങളുടെയും അഭിപ്രായങ്ങൾ തേടാനുള്ള ഒരു പദ്ധതിയാണിത്. ഇതിനായുള്ള ചോദ്യാവലി സംഘാടക സമിതി തയ്യാറാക്കി എത്തിക്കുന്നതാണ്. ഒരു യൂണിറ്റിൽ നിന്ന് ചുരുങ്ങിയത് പത്തു ഫോറങ്ങളെങ്കിലും ശേഖരിക്കണം. ഇത് ക്രോഡീകരിച്ച് വിശദമായ. റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുന്നതാണ്.

ആറു സബ് ഓഫീസ് പരിധിയിലും വിപുലമായ വനിതാ സമ്മേളനങ്ങൾ സംഘടിപ്പിക്കണം.

പതാകദിന തീയതി സംഘാടകസമിതി അറിയിക്കും. അതനുസരിച്ച് അന്നേ ദിവസം രാവിലെ എല്ലാ യൂണിറ്റുകൾക്കു മുമ്പിലും പതാക ഉയർത്തി മുദ്രാവാക്യങ്ങൾ മുഴക്കുകയും പ്രതിജ്ഞ എടുക്കുകയും വേണം. തോരണങ്ങൾ തൂക്കി ശാഖകൾ അലങ്കരിക്കുകയും സമ്മേളനപ്രചാരണാർത്ഥമുള്ള പോസ്റ്ററുകളും ബാനറുകളും പ്രദർശിപ്പിക്കുകയും വേണം. പോസ്റ്ററുകളും ബാനറുകളും സംഘാടകസമിതി തയ്യാറാക്കി യൂണിറ്റുകളിലെത്തിക്കുന്നതുമാണ്.

മെയ് 20ന് രാവിലെ ജീവനക്കാരെല്ലാം അണിനിരക്കുന്ന വമ്പിച്ച പ്രകടനം ഉണ്ടായിരിക്കുന്നതാണ്. പ്രകടനത്തിന്റെ റൂട്ട് പിന്നീട് അറിയിക്കുന്നതാണ്. പരമാവധി അംഗങ്ങൾ പ്രകടനത്തിൽ പങ്കെടുക്കേണ്ടതാണ്. തെക്കൻ ജില്ലകളിലെ യൂണിറ്റുകളിൽ നിന്ന് മുഴുവൻ അംഗങ്ങളും പങ്കെടുക്കേണ്ടതാണെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം.

9 മണിക്കാരംഭിക്കുന്ന പ്രകടനം സമ്മേളനവേദിയായ ടാഗോർ തിയേറ്ററിലെത്തുന്ന മുറയ്ക്ക്, കൃത്യം 10 മണിക്ക് പതാക ഉയർത്തുന്നതാണ്. സ്വാഗതഗീതത്തെ തുടർന്ന് ഉദ്ഘാടന സമ്മേളനം ആരംഭിക്കും. മെയ് 31ന് സർവ്വീസിൽ നിന്നും വിരമിക്കുന്ന ജനറൽ സെക്രട്ടറി സ: എ.ജയകുമാറിന് യാത്രയയപ്പും ഉണ്ടായിരിക്കുന്നതാണ്. വൈകിട്ട് 5 മണിക്ക് ജനറൽ സെക്രട്ടറി റിപ്പോർട്ടും ട്രഷറർ വരവു ചെലവു കണക്കുകളും അവതരിപ്പിക്കുന്നതാണ്. അതിനുശേഷം സാംസ്കാരിക/കലാ സായാഹ്നം അരങ്ങേറും. 21-ാം തീയതി കാലത്ത് 9 മണി മുതൽ പ്രതിനിധി സമ്മേളനം പുനരാരംഭിക്കുന്നതാണ്.

സമ്മേളനത്തിന്റെ സുഗമമായ നടത്തിപ്പിനും വിജയത്തിനും വേണ്ടി സ.ബി. അജയകുമാർ ചെയർമാനും സ.എ.രാഘവൻ ജനറൽ കൺവീനറുമായുള്ള സംഘാടക സമിതി രൂപീകരിച്ചു.

എസ്.ബി.ഐ ഓഫീസേഴ്സ് അസോസിയേഷൻ(കേരള സർക്കിൾ) എസ്.ബി.ഐ. പെൻഷനേഴ്സ് അസോസിയേഷൻ(കേരള), എൻ.സി.ബി.ഇ-ൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള വിവിധ സഹോദര സംഘടനകൾ തുടങ്ങിയവർ സംഘാടക സമിതിയിൽ അംഗങ്ങളാണ്.
വിവിധ സബ് കമ്മിറ്റികളുടെ കൺവീനർമാരായി താഴെ പറയുന്നവരെ തെരഞ്ഞെടുത്തു:

STATE BANKS' STAFF UNION
TRIVANDRUM
(KERALA CIRCLE)

| | | |
|---|---|---|
| 1. താമസം(അക്കമഡേഷൻ) | : | സ: എം.എസ്.അയ്യർ, Mob: 9447216611 |
| | | സ: വിശ്വനാഥൻ ഇ.എൻ, Mob: 9447427890 |
| 2. യാത്ര(ട്രാൻസ്പോർട്ടേഷൻ) | : | സ: മധുകുമാർ ജി, Mob: 999590007 |
| | | സ: വിനോദ് ഫിലിപ്പ്, Mob: 9847094321 |
| 3. ഭക്ഷണം | : | സ: രവികുമാർ.പി, Mob: 9446514236 |
| | | സ: ശിവദാസ്.സി.ഡി, Mob: 94472992874 |
| 4. സ്റ്റേജ് & ഡക്കറേഷൻ | : | സ: ആർ.വിജയകുമാർ, Mob: 9447027660 |
| | | സ: ശ്രീകല ജി, Mob: 9495988101 |
| | | സ: രാകേഷ് എസ്, Mob: 9447916436 |
| 5. പ്രകടനം | : | സ: വൈശാഖ് വി.ജെ, Mob: 9446125498 |
| | | സ: സജി ഡാനിയേൽ, Mob: 9400148077 |
| | | സ: വേലായുധം എം, Mob: 9446257361 |
| 6. പ്രചരണം, മീഡിയ | : | സ: ജി പി രാമചന്ദ്രൻ, Mob: 9447239544 |
| | | സ: അഖിൽ സത്യൻ, Mob: 9809133146 |
| 7. ഓഫീസ് | : | സ: ബിന്ദു കെ, Mob: 9567524766 |
| | | സ: രജത്ത് എച്ച് സി, Mob: 7736791865 |
| 8. മെഡിക്കൽ | : | സ: രഘു എൻ, Mob: 9447367888 |
| | | സ: അനൂപ് എസ്, Mob: 9633534380 |

ജനറൽ കൗൺസിൽ വിജയിപ്പിക്കുന്നതിനായി മുഴുവൻ അംഗങ്ങളുടെയും നിസ്വാർത്ഥമായ സഹ കരണമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

അജയകുമാർ.ബി.
ചെയർമാൻ
Mob: 9895899215

ഫിലിപ്പ് കോശി
പ്രസിഡന്റ്
Mob: 9447314517

എ.രാഘവൻ
ജനറൽ കൺവീനർ
Mob: 9446533830

എ.ജയകുമാർ
ജനറൽ സെക്രട്ടറി
Mob: 9447018299

SBSU (KC): AISBISF: NCBE..........ZINDABAD
7th GENERAL COUNCIL MEETING..........ZINDABAD